■ *മാറ്റൊലി*

ഇഹ്സാൻ

സ്ഫോടനത്തിനുമുണ്ട് ആളും ജാതിയും

മഹാരാഷ്ട്രയിലെ നന്ദേഡിൽ ദുരൂഹമായ സാഹചര്യത്തിൽ വീണ്ടും സ്ഫോടനം നടന്നു. രണ്ടു വർഷം മുമ്പ് സ്ഫോടനത്തിൽ മൂന്ന് ആർ.എസ്.എസ്സുകാർ കൊല്ലപ്പെട്ട ശാസ്ത്രിനഗർ കോളനിക്കു സമീപം തന്നെയാണ് ഇത്തവണയും പൊട്ടിയത്. അന്നത്തെ പോലെ ഹിന്ദുത്വ തീവ്രവാദികൾ തന്നെയാണ് കൊല്ലപ്പെട്ടതും. സാഹചര്യങ്ങളും സമാനമായിരുന്നു. എങ്ങോട്ടോ കൊണ്ടുപോകാൻ വേണ്ടി സ്ഫോടക വസ്തുക്കൾ എടുത്തു വെക്കുമ്പോൾ അലക്ഷ്യമായി കൈകാര്യം ചെയ്തതുകൊണ്ടായിരുന്നു പൊട്ടിത്തെറി നടന്നത്. ഒന്നാമത്തെ കേസ് പോലീസ് എന്നോ ദുർബലമാക്കി. ഇപ്പോഴത്തേത് നാലാളറിയും മുമ്പേ തന്നെ വഞ്ചനാക്കുറ്റത്തിന് കേസെടുക്കുന്ന 420-ാം വകുപ്പിലൊതുക്കി. സ്ഫോടനം നടന്ന ബിസ്കറ്റ് ഗോഡൗണിന്റെ ഇൻഷുറൻസ് തുക തട്ടിയെടുക്കാനായി അവിടത്തെ ജോലിക്കാരിലൊരാൾ തീകൊടുത്തതാണ് പൊട്ടിത്തെറിയിൽ കലാശിച്ചതെന്നാണ് സ്ഥലം പോലീസ് സൂപ്രണ്ട് ഫത്തേസിംഗ് പട്ടേൽ അറിയിച്ചത്.

കഴിഞ്ഞ തവണ നന്ദേഡിൽ സ്ഫോടനം നടന്ന സമയത്താണ് എൽ.കെ അദ്വാനിയുടെ ഭാരത് സുരക്ഷാ യാത്ര മഹാരാഷ്ട്രയിലൂടെ കടന്നുപോയിക്കൊണ്ടിരുന്നത്. അന്ന് കൊല്ലപ്പെട്ട മൂന്നു പേരും പരിക്കേറ്റ നാലു പേരും ആർ.എസ്.എസ്സിന്റെയും വി.എച്ച്.പിയുടെയും പ്രദേശത്തെ അറിയപ്പെടുന്ന നേതാക്കളായിരുന്നു. അതുകൊണ്ടുതന്നെ തുടക്കം മുതലേ കേസ് വഴിതെറ്റിക്കാനുള്ള നീക്കമായിരുന്നു പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായത്. ദീപാവലിക്ക് പൊട്ടിക്കാനായി വാങ്ങിയതിൽനിന്ന് ബാക്കി വന്ന പടക്കത്തിന് അബദ്ധത്തിൽ തീപ്പിടിച്ചാണ് സംഭവമുണ്ടായതെന്നാണ് അന്നത്തെ വിശദീകരണം. സ്ഫോടനം നടന്ന സ്ഥലത്ത് സംഭവത്തിന്റെ തീയും പുകയുമെല്ലാം കെട്ടടങ്ങിയതിനു ശേഷം എത്തിയ ഒരു ഫയർ എഞ്ചിൻ അവിടെ വെള്ളം ചീറ്റി മുഴുവൻ തെളിവും നശിപ്പിച്ചതായി ആരോപണമുയർന്നിരുന്നു. ഇതേ അഭ്യാസം ഇത്തവണയും നടന്നു. സ്ഫോടനം നടന്ന് മണിക്കൂറുകൾക്കു ശേഷമാണ് സ്ഥലത്തേക്ക് ഫയർ എഞ്ചിൻ എത്തിയതെങ്കിലും ചാരത്തിനു മുകളിലൂടെ വെള്ളം ചീറ്റി സംഭവസ്ഥലം തുടച്ചു വൃത്തിയാക്കാൻ അവർ മറന്നില്ല. അഥവാ പൊട്ടിയത് ആർ.ഡി.എക്സ് ആയിരുന്നെന്ന് വിചാരിക്കുക. അത് തെളിയിച്ചെടുക്കാനുള്ള സയൻസിന്റെ നിലവിലുള്ള വഴികൾ മുഴുവൻ ഇല്ലാതാക്കുന്നതായിരുന്നു പോലീസിന്റെ ഈ അതിബുദ്ധി.

ഒടുവിൽ ബാക്കിയായത് ഇത്രയുമാണ്: പാണ്ടുരംഗ് ഭഗവാൻ, ഗ്യാനേശ്വർ മണിക്‌വർ എന്നീ രണ്ട് ബിസ്കറ്റ് ഫാക്ടറി തൊഴിലാളികൾ അർധരാത്രിയിൽ തങ്ങളുടെ ഗോഡൗണിനകത്ത് 15 ലിറ്റർ പെട്രോൾ ഒഴിക്കുന്നു. മണിക്‌വർ ആയിടെ ചേർന്ന 15 ലക്ഷം രൂപയുടെ ഇൻഷുറൻസ് തുക തട്ടിയെടുക്കാനായി ഗോഡൗണിനകത്ത് കൃത്രിമ അപകടമുണ്ടാക്കാനാണ് ഇരുവരും ശ്രമിച്ചത്. ലക്ഷമൊന്നിന് ലിറ്ററൊന്ന് എന്ന കണക്കിൽ പെട്രോൾ ഒഴിച്ചാലേ ഇൻഷുറൻസ് തുക കിട്ടുകയുള്ളൂ എന്നാണ് ഈ വിശദീകരണം കേട്ടാൽ തോന്നുക. സംഭവം പുറത്തറിയാതിരിക്കാനായി ഗോഡൗണിന്റെ വാതിലുകൾ അടച്ചിട്ടിരുന്നുവത്രെ. ഇതുമൂലം പെട്രോളിന്റെ ഗ്യാസ് തിങ്ങിനിറഞ്ഞ് റൂമിന് മൊത്തത്തിൽ ഒരു ബോംബിന്റെ സ്വഭാവം കൈവന്നു. ഒടുവിൽ ബിസ്കറ്റുകൾക്ക് തീകൊടുത്തപ്പോൾ റൂമിലെ 'പെട്രോൾ വാതകം' വാതിലും ജനലുമെല്ലാം തകർത്ത് വലിയ ശബ്ദത്തിൽ പൊട്ടിത്തെറിക്കുന്നു. പാണ്ടുരംഗ് കൊല്ലപ്പെട്ടു. രണ്ടാമൻ 80 ശതമാനം പൊള്ളലുമായി രക്ഷപ്പെട്ടു. എങ്ങനെയുണ്ട് കഥ?

'ഈ സംഭവത്തിനു പിന്നിൽ പ്രവർത്തിച്ചത് വലതുപക്ഷ ഹിന്ദു ഫണ്ടമെന്റലിസ്റ്റുകളാണെന്ന ചില കേന്ദ്രങ്ങളുടെ ആരോപണം' തള്ളിക്കളയാൻ പോലീസിന്റെ പക്കൽ ആവശ്യത്തിലേറെ തെളിവുകളുണ്ടെന്നാണ് ഫത്തേസിംഗ് ഒരു വാർത്താസമ്മേളനത്തിൽ വക്തമാക്കിയത്. കൊല്ലപ്പെട്ട പാണ്ടുരംഗ് സ്ഥലത്തെ ശിവസേനയുടെ അധ്യക്ഷനും പരിക്കേറ്റ് ആശുപത്രിയിലുള്ള ഗ്യാനേശ്വർ ബജ്റംഗ്ദളിന്റെ പ്രാദേശിക നേതാവുമാണെങ്കിലും അത്തരം കാര്യങ്ങളൊക്കെ ഇൻഷുറൻസ് തട്ടിപ്പുമായി ബന്ധപ്പെട്ട കേസിൽ എന്തു പ്രസക്തി? ആദ്യത്തെ സ്ഫോടനസംഭവം തേച്ചുമായ്ച്ചുകളയാൻ പോലീസ് നടത്തിയ സാഹസം ചില പൊതുപ്രവർത്തകരുടെയും മാധ്യമങ്ങളുടെയും ഇടപെടൽ മൂലം പരാജയപ്പെട്ടിരുന്നെങ്കിലും അതീവ ദുർബലമായ വകുപ്പുകളിലാണ് ഏതാനും പേരെ അന്ന് പോലീസ് അറസ്റ്റ് ചെയ്തതും വിട്ടയച്ചതും. ഇത്തവണയും കാര്യങ്ങൾ പഴയതിന്റെ തനിപ്പകർപ്പാവുകയാണ്.

ഇതിനിടയിൽ മറന്നുപോകുന്ന പല കാര്യങ്ങളുമുണ്ട്. കഴിഞ്ഞ തവണ പെറ്റിക്കേസിൽ ചാർജെടുത്ത് പോലീസ് ആദ്യം വിട്ടയച്ച ഹിമാൻശു പാൻസെ, സഞ്ജയ് എന്ന ബാവുറാവു ചൗധരി എന്നിവരുടെ ബാംഗ്ളൂരിൽ നടന്ന നുണപരിശോധനാ റിപ്പോർട്ടും ബ്രെയിൻ മാപ്പിംഗും പുറത്തുവിട്ട സത്യങ്ങൾ *തെഹൽക്ക* വാരിക ഈയിടെ പ്രസിദ്ധീകരിച്ചിരുന്നു. മഹാരാഷ്ട്രയിലെ പർഭനി റഹ്മത്ത് നഗറിലെ മുഹമ്മദീയ മസ്ജിദിൽ 2003 ഫെബ്രുവരിയിൽ നടന്ന സ്ഫോടനവും തൊട്ടടുത്ത വർഷം ഇതേ ജില്ലയിലെ സിദ്ധാർഥ് നഗറിൽ മിറാജുൽ ഉലൂം മസ്ജിദിൽ നടന്ന സ്ഫോടനവും ജാൽന സദർബസാറിലെ ഖാദിരിയ്യ മസ്ജിദിൽ 2004 ആഗസ്റ്റിൽ നടന്ന സ്ഫോടനവും ബജ്റംഗ്ദൾ ആസൂത്രണം ചെയ്തതായിരുന്നു. ഓരോ സ്ഫോടനത്തിലും 300 മുതൽ 400 വരെ മുസ്ലിംകളെ കൊല്ലുക എന്നതായിരുന്നു ഇവരുടെ ലക്ഷ്യം. ഇതിനുള്ള സാമഗ്രികൾ തയാറാക്കിയത് നന്ദേഡിൽ ആയിരുന്നുവെന്നതിന് ബ്രെയിൻ മാപ്പിംഗിനിടെ ഇവരിലൊരാൾ നൽകുന്ന മറുപടിയിൽനിന്ന് സൂചനയുണ്ട്. നന്ദേഡിലെ വി.എച്ച്.പി നേതാവ് ഗോവിന്ദ് പുരാനിക്, ഔറംഗാബാദിൽനിന്നുള്ള ആർ.എസ്.എസ്-ബജറംഗ്ദൾ നേതാക്കളായ അഭയ് മധുകർ, വിനോദ്റാവു കാംതേക്കർ എന്നിവർ മസ്ജിദുകളിൽ സ്ഫോടനം നടത്താനുള്ള ഈ പദ്ധതിക്ക് സാമ്പത്തികസഹായം നൽകിയതായി സഞ്ജയ് വെളിപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം നടന്ന മാലേഗാവ് സ്ഫോടനത്തിന്റെ ശൈലിയും സഞ്ജയ്-പാൻസെ സഖ്യത്തിന്റെ ശൈലിയും ഒരേ മട്ടിലുള്ളതായിരുന്നു. സഞ്ജയ് ഉൾപ്പെടെയുള്ളവർക്ക് പരിശീലനം നൽകിയത് പൂനെയിലെ ഒരു ഹോട്ടലിൽനിന്നാണെന്നും അവിടെ ഇക്കാര്യത്തിൽ ബജ്റംഗ്ദൾ നേതാക്കൾ മേൽനോട്ടം വഹിക്കുന്നതായും ഇവരുടെ വെളിപ്പെടുത്തലുകളിൽ ഉണ്ടായിരുന്നു.

ഇതൊക്കെ പത്രങ്ങളിൽ എഴുതാൻ കൊള്ളാം. മാലേഗാവിൽ ബോംബ് വെച്ച കുറ്റത്തിന് മഹാരാഷ്ട്രാ പോലീസിന്റെ ഭീകരതാ വിരുദ്ധ സെൽ അറസ്റ്റ് ചെയ്തത് പക്ഷേ ഔറംഗാബദിലെ സാഇദ് മുഹമ്മദിനെയാണ്. ഇയാൾ നേരിട്ടാണ് മാലേഗാവിൽ ബോംബ് വെച്ചതെന്ന് മറ്റാരുമല്ല, സാക്ഷാൽ മഹാരാഷ്ട്രാ ഡി.ജി.പി പസ്റീച്ചയാണ് വാർത്താസമ്മേളനത്തിൽ വ്യക്തമാക്കിയത്. അതേസമയം മുന്നൂറോളം നാട്ടുകാർ കേന്ദ്ര ആഭ്യന്തരമന്ത്രിക്ക് ഒപ്പിട്ടയച്ച നിവേദനത്തിൽ പറയുന്നത് അന്നേ ദിവസം തങ്ങളുടെ പള്ളിയിലെ നമസ്കാരത്തിന് സ്ഥലം ഇമാമായ സാഇദാണ് നേതൃത്വം കൊടുത്തതെന്നാണ്. ഒരേസമയത്ത് അവിടെയും ഇവിടെയും 'പ്രത്യക്ഷപ്പെട്ട' സാഇദിന് 'ജിന്ന് കൂടി'യതായി പസ്റീച്ച പറയാതിരുന്നത് ഭാഗ്യം. മഹാരാഷ്ട്രയിലെ 'ഭീകരതാ വിരുദ്ധ സ്ക്വാഡി'ന് മുസ്ലിംകളെയും ഹിന്ദുക്കളെയും രണ്ടായി കാണുന്നതിന്റെ ഇണ്ടലുണ്ടെന്ന് ഇതിലേറെ തെളിവിന്റെ ആവശ്യമില്ല. ഷോർട്ട് സർക്യൂട്ട് ഉണ്ടായതായിരുന്നു നന്ദേഡിൽ ലോക്കൽ പോലീസ് സ്ഫോടനത്തിന് ആദ്യം കണ്ടെത്തിയ കാരണം. ഇടക്കെപ്പോഴോ അത് ടർപെന്റയിന് തീപിടിച്ചതു മൂലമായി. ടർപെന്റയിൻ കത്തിയാലും പൊട്ടിത്തെറിക്കില്ലെന്നും കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ഉണ്ടായിരുന്നില്ലെന്നും വന്നപ്പോഴാണ് 'ഭീകരതാവിരുദ്ധ' സ്ക്വാഡ് മുംബൈയിൽനിന്ന് ഓടിയെത്തി 'യഥാർഥ' കാരണം കണ്ടെത്തിയത്. എന്തൊരു 'മിടുക്കൻ' പോലീസ് അല്ലേ?